പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2442 — 01.04.2013 ൽ മറുപടിയ്ക്ക്

ചാലിയാർ നദീതട അതോറിറ്റി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ഒട്ടേറെ കുടിവെള്ള പദ്ധതികളുടെ സ്രോതസ്സായ ചാലിയാർ പുഴ മലിനീകരണ വിമുക്തമാക്കുവാൻ എന്തെല്ലാം നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന വ്യക്തമാക്കുമോ; | (എ) യും, (ബി) യും | ഗ്വാളിയാർ റയോൺസ് ഫാക്ടറിയിൽ നിന്നുമുള്ള പാഴ്ജലം ചാലിയാറിൽ നിർമ്മാർജ്ജനം ചെയ്തിരുന്നത് പുഴ മലിനമാകുന്നതിന് കാരണമായിരുന്നു. ഇപ്പോൾ പ്രസ്തുത സ്ഥാപനം പ്രവർത്തിക്കുന്നില്ല. മറ്റു വ്യവസായങ്ങളിൽ നിന്നുമുള്ള മലിനജലം പുഴയിലെത്തുന്നുമില്ല. എല്ലാ നഗരമാലിന്യങ്ങളും മറ്റു ഗാർഹിക മാലിന്യങ്ങളും കാരണം പുഴയിൽ കോളിഫോം ബാക്ടീരിയയുടെ സാന്നിധ്യം കണ്ടുവരുന്നു. 2003-ലെ ജലസേചന ജലസംരക്ഷണ ആക്ടിൽ ഭേദഗതി വരുത്തി 2011-ൽ ജലസേചന ജലസംരക്ഷണ ഭേദഗതി ഓർഡിനൻസ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഓർഡിനൻസിന് നിയമപ്രാബല്യം കൈവരുത്തുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഈ ഓർഡിനൻസ് പ്രകാരം ജലസ്രോതസ്സുകളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും, ജലസ്രോതസ്സുകളുടെ മലിനീകരണം തടയുന്നതിനുമായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് സംസ്ഥാന നദീതട തണ്ണീർത്തട അതോറിറ്റി രൂപീകരിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഇതു കൂടാതെ പ്രസ്തുത അതോറിറ്റിയുടെ കീഴിൽ റിവർബേസിൻ ബോർഡുകളും വെറ്റ് ലാന്റ് ബോർഡുകളും രൂപീകരിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത അതോറിറ്റിയുടെയും ബോർഡുകളുടെയും രൂപീകരണം നടപ്പിലാകുന്നതോടെ ചാലിയാറുൾപ്പെടെയുള്ള ജലസ്രോതസ്സുകളുടെ സംരക്ഷണം ഉറപ്പുവരുത്താനാകും. |
| (ബി) ചാലിയാർ നദീതട അതോറിറ്റി രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ